പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2895 — 18/08/2017 ൽ മറുപടിയ്ക്ക്

# സർവ്വേയും ഭൂരേഖയും വകുപ്പിലെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സർവ്വേയും ഭൂരേഖയും വകുപ്പിൽ ബി.ടെക്, പോളിടെക്നിക് ഡിപ്ലോമ എന്നീ വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്ക് ഡ്രാഫ്റ്റ്സ്മാൻ, സർവ്വേയർ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ; വിശദമാക്കാമോ ; | (എ) | ഉണ്ട്. രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻമാരുടെ 02/11/1978 മുതൽ 30/06/2012 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ ബി.ടെക്, പോളിടെക്നിക് ഡിപ്ലോമ എന്നിവ നേടിയിട്ടുള്ള 175 പേർക്ക് ഡ്രാഫ്റ്റ്സ്മാൻ തസ്തികകളിലും, 01/11/1956 മുതൽ 31/12/2007 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ ബി.ടെക്, പോളിടെക്നിക് ഡിപ്ലോമ എന്നിവ നേടിയിട്ടുള്ള 15 പേർക്ക് സർവ്വെയർ തസ്തികയിലും നിയമനം നൽകിയിട്ടുള്ളതായി കാണുന്നു. |
| (ബി) | പ്രസ്തുത വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻമാരുടെ ചുമതലകൾ വിശദമാക്കാമോ ? | (ബി) | 1. ഓഫീസിലെ എല്ലാ ടെക്നിക്കൽ പ്രവർത്തികളിലും ഏർപ്പെടാൻ തക്ക യോഗ്യതയുള്ളയാളാവണം ഡ്രാഫ്റ്റ്സ്മാൻ.<br>2. എല്ലാ ഡ്രാഫ്റ്റ്സ്മാൻമാരും നിശ്ചിത മാതൃകയിൽ ഒരു ഡയറി സൂക്ഷിക്കേണ്ടതും രേഖപ്പെടുത്തലുകൾക്ക് ശേഷം ആയത് ദിവസവും ഹെഡ് ഡ്രാഫ്റ്റ്സ്മാന് പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.<br>3. ഓരോ ദിവസവും നിശ്ചയിച്ചിട്ടുള്ള ഔട്ടേണിൽ കുറയാത്ത ലക്ഷ്യം ഓരോ ഡ്രാഫ്റ്റ്സ്മാനും കൈവരിച്ചിരിക്കേണ്ടതാണ്.<br>4. സർവ്വെ റിക്കാർഡുകൾ പരിശോധിക്കുമ്പോൾ കാണപ്പെടുന്ന അപാകതകൾ ലിസ്റ്റാക്കി ഉടനടി പരിഹരിക്കാനുള്ള നടപടികൾക്കായി ഹെഡ് ഡ്രാഫ്റ്റ്സ്മാന് സമർപ്പിക്കണം.<br>5. ഓരോ ഡ്രാഫ്റ്റ്സ്മാനും അവർ ചെയ്യുന്ന ജോലിയുടെ ഗുണത്തിനും വ്യാപ്തിക്കും പൂർണ്ണ ഉത്തരവാദികളായിരിക്കും. |

6. ഡ്രാഫ്റ്റ്സ്മാൻ പലവക ജോലി, കടലാസിന്റെ ദുരുപയോഗം എന്നിവ ഒഴിവാക്കേണ്ടതും സർവ്വേ രേഖകൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതുമാണ്.

7. മേലധികാരി നിർദ്ദേശിക്കുന്ന ടെക്നിക്കലും ക്ലറിക്കലുമായ എല്ലാ ജോലികളും ഡ്രാഫ്റ്റ്സ്മാൻ ചെയ്യേണ്ടതാണ്.

8. സർവ്വെ റിക്കാർഡുകൾ സൂക്ഷ്മ പരിശോധന നടത്തി ആവശ്യമുള്ള ഘട്ടത്തിൽ അപാകത ലിസ്റ്റ് തയ്യാറാക്കി പരിശോധനയ്ക്കായി ഹെഡ് ഡ്രാഫ്റ്റ്സ്മാന് സമർപ്പിക്കേണ്ടതാണ്.

9. സൂക്ഷ്മ പരിശോധന നടത്തുന്ന സർവ്വെ റിക്കാർഡുകളിലും തുടർന്ന് തയ്യാറാക്കുന്ന അപാകത ലിസ്റ്റിലും ഡ്രാഫ്റ്റ്സ്മാൻ കൃത്യമായി ഒപ്പും തീയതിയും രേഖപ്പെടുത്തേണ്ടതാണ്.

10. സർവ്വെ റിക്കാർഡുകളുടെ താരതമ്യ ജോലി ചെയ്യുന്ന ഡ്രാഫ്റ്റ്സ്മാൻ പോരായ്മകൾ കണ്ടാൽ ആയത് അപാകത ലിസ്റ്റിൽ രേഖപ്പെടുത്തി ഹെഡ് ഡ്രാഫ്റ്റ്സ്മാന് സമർപ്പിക്കേണ്ടതാണ്.

11. മേലധികാരികളുടെ മേൽനോട്ടത്തിനോടൊപ്പം ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കണം ഒരു ഡ്രാഫ്റ്റ്സ്മാൻ ജോലി നിർവ്വഹിക്കേണ്ടത്

സെക്ഷൻ ഓഫീസർ